നമ്പർ : ഐ.ടി.ഡി.എൻ.എസ്.എസ്. 31/2015

**പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ കാര്യാലയം**
എൻ.എസ്.എസ്.ഐ.ടി.ഡി. സെൽ,
ചാക്ക ഐ.റ്റി.ഐ. ക്യാമ്പസ്,
ബീച്ച് പി.ഒ., തിരുവനന്തപുരം
തീയതി : 25.06.2015

സ്വീകർത്താവ്

**എല്ലാ ഐ.റ്റി.ഐ. പ്രിൻസിപ്പാൾമാർക്കും,**
**ബി.റ്റി.സി. കൊല്ലം പ്രിൻസിപ്പാൾ**

സർ,

**വിഷയം:- വൈദ്യുതി സ്വയംപര്യാപ്ത പ്രദേശം പരിപാടി - സർവ്വെ, ബോധവത്കരണം സംബന്ധിച്ച്**

**സൂചന :- 1. ചീഫ് എഞ്ചിനീയർ (റിന്യൂവബിൾ എനർജി & എനർജി സേവിംഗ്), കെ.എസ്.ഇ.ബി.യുടെ ഡി(ആർ.ഇ.&പി)/എസ്കോട്ട്/വൈദ്യുതി പര്യാപ്തത/2015-16/230 നമ്പർ കത്ത് തീയതി : 22.06.2015**

വൈദ്യുതോർജ്ജം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തുകയും അവരുടെ വീടുകളിൽ വൈദ്യുതി ഉത്പാദിപ്പിക്കാൻ പര്യാപ്തമാക്കുകയും ചെയ്യുന്ന സന്ദേശം പ്രചരിപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഒരു നൂതന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നു.

ആയതിന്, തെരഞ്ഞെടുക്കപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്തുള്ള വീടുകൾ സന്ദർശിച്ച് അവിടെയുള്ള വൈദ്യുതോപകരണങ്ങളുടെ നിലവാരവും അവ ഉപയോഗിക്കുന്ന വൈദ്യുതിയും ഇപ്പോഴുള്ളവയുമായി ഉയർന്ന ഗുണനിലവാരമുള്ള ഉപകരണങ്ങൾ ഉപയോഗിച്ചാലുള്ള ലാഭവും ഉപഭോക്താക്കളെ ബോധ്യപ്പെടുത്തുവാനും അവരുടെ വീടുകളിൽ റൂഫ് ടോപ്പ് സോളാർ/ബയോമാസ്സ് തുടങ്ങിയവ വഴി വൈദ്യുതി ഉത്പാദിപ്പിച്ച് ഓരോ വീടും വൈദ്യുതി സ്വയം ഉത്പാദിപ്പിക്കുന്നതിന് പര്യാപ്തമാകുന്ന നിലയിലേക്ക് മാറ്റുവാനും അധിക വൈദ്യുതി ഉത്പാദനം അത് ന്യായമായ വില നൽകി വാങ്ങാനും ഈ പദ്ധതി പ്രകാരം വൈദ്യുതി ബോർഡ് ഉദ്ദേശിക്കുന്നു.

സംസ്ഥാന വ്യാവസായിക പരിശീലന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഗവ/സ്വകാര്യ ഐ.റ്റി.ഐ.കളിലൂടെ നാഷണൽ സർവ്വീസ് സ്കീമിന്റെ നിയന്ത്രണത്തിൽ ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതും ആയത് നടപ്പിലാക്കുന്നതിന് ആവശ്യമായ പ്രോജക്ട് റിപ്പോർട്ട് നൽകുവാനും വ്യാവസായിക പരിശീലന വകുപ്പ് നാഷണൽ സർവ്വീസ് സ്കീം സ്റ്റേറ്റ് കോ-ഓർഡിനേറ്ററോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്.

താങ്കളുടെ ഐ.റ്റി.ഐയ്ക്ക് ഈ പദ്ധതി ഏറ്റെടുത്ത് നടത്തുവാൻ താല്പര്യമാണോ എന്നുള്ള വിവരവും അങ്ങനെയെങ്കിൽ, ഈ പദ്ധതിയിൽ പങ്കാളികളാകുവാൻ എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസറെ കൺവീനറായും, എൻ.എസ്.എസ്. യൂണിറ്റുകൾ ഇല്ലാത്ത സ്ഥാപനങ്ങളിൽ ഈ മേഖലയിൽ താല്പര്യവും പ്രവർത്തിക്കാൻ തയ്യാറുമായ ഒരു ജി.ഐ./സീനിയർ ഇൻസ്ട്രക്ടറെ കൺവീനറായും ഈ മേഖലയിൽ താല്പര്യവും പ്രവർത്തിക്കാൻ തയ്യാറുമായ രണ്ട് ജീവനക്കാരെ ജോയിന്റ് കൺവീനർമാരായും നിയമിക്കുവാനുള്ള നപടി സ്വീകരിക്കേണ്ടതാണ്. മാത്രവുമല്ല, താങ്കളുടെ ഐ.റ്റി.ഐയുടെ പരിധിയിൽ വരുന്ന 5 കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളുടെ വിശദവിവരവും താല്പര്യമുള്ള ട്രെയിനികളുടെ എണ്ണവും കൺവീനർ/ജോയിന്റ് കൺവീനർ എന്നിവരുടെ വ്യക്തിവിവരം എന്നിവ അടിയന്തിരമായി 30.06.2015 വൈകിട്ട് 5 മണിക്ക് മുമ്പായി nssitdkerala@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തുന്ന പഠനക്ലാസ്സ്/സെമിനാർ/ഗൃഹസന്ദർശനം എന്നിവയ്ക്ക് ആവശ്യമായ സാമ്പത്തികസഹായം കെ.എസ്.ഇ.ബി. ഈ പദ്ധതിയിലൂടെ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

ഇത് സംബന്ധമായി കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ ശ്രീ കെ.എസ്. ധർമ്മരാജൻ (ഫോൺ: 94472 14700), എൻ.എസ്.എസ്. അസിസ്റ്റന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ശ്രീ എം.എസ്. ഗണേശൻ (94474 27412) എന്നിവരുമായി ബന്ധപ്പെടേണ്ടതാണ്.

ഈ പരിപാടിയിൽ ഉൾപ്പെടുന്ന പ്രദേശം ഓരോ ഐ.റ്റി.ഐയുടെ പേരിൽ വൈദ്യുത സ്വയം പര്യാപ്ത പ്രദേശം എന്നായിരിക്കും അറിയപ്പെടുക. റൂഫ് ടോപ്പ് സോളാർ/ബയോമാസ് തുടങ്ങിയവ ഉപയോഗിച്ച് ഓരോ ഐ.റ്റി.ഐ.കളെയും വൈദ്യുത സ്വയംപര്യാപ്തമാക്കുവാൻ പദ്ധതി ലക്ഷ്യമിടുന്നുണ്ട്.

എല്ലാ സർക്കാർ/സ്വകാര്യ ഐ.റ്റി.ഐ. പ്രിൻസിപ്പാൾമാർ ഈ വിഷയത്തിൽ കൂടുതൽ ശ്രദ്ധ നൽകി ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന്,
വിശ്വസ്തതയോടെ,

**കെ.എസ്. ധർമ്മരാജൻ**